File No.TCPCTP/2992/2019-C3

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര – ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – പത്തനംതിട്ട ജില്ല – ഏറത്ത് ഗ്രാമപഞ്ചായത്ത് – ഏറത്ത് വില്ലേജ് – **പെട്രോൾ പമ്പ് നിർമ്മാണ**ത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു

പരാമർശം:- 1. ഏറത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/09/2019 ലെ A4-3681/2019 നമ്പർ കത്ത്.

2. പത്തനംതിട്ട ടൗൺ പ്ലാനറുടെ 26/11/2019 ലെ TCPPTA/589/2019-C നമ്പർ കത്ത്.

---

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2992/19-C3** തീയതി: **01/01/2020**

---

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഏറത്ത് വില്ലേജിൽ റീ സർവ്വേ നമ്പർ 202/8 ൽ ഉൾപ്പെട്ട 944 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് (കനോപ്പി 112 ച.മീ + സെയിൽസ് ബിൽഡിംഗ് 22. 52 ഉൾപ്പെടെ) ആകെ 134. 52 ച.മീ വിസ്തീർണ്ണം വരുന്ന **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. അനിൽമോൻ കെ. മാത്യു** കിഴേതിൽ പുത്തൻ വീട്, ചൂരക്കോട് പി.ഒ, അടൂർ, പത്തനംതിട്ട എന്നയാളുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി നിർമാണാനുമതി/ ഒക്കുപ്പൻസി നൽകുവാൻ പാടുള്ളു.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ലീസ് എഗ്രിമെന്റ് ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. കട്ടിംഗ്/ഫില്ലിംഗ് നടത്തുന്നതിന് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പരിസര വാസികൾക്ക് ദോഷകരമല്ലാത്ത രീതിയിൽ മാലിന്യ നിർമാർജനം നടത്തുകയും വേണം. കേരള പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR-2011) ചട്ടം 57(12 A)

പ്രകാരമുള്ള in-situ liquid waste management treatment plant, ചട്ടം 57(12 B) പ്രകാരമുള്ള Special provision for recycling and reusing of waste water എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം.

5. കേരള പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR-2011) ചട്ടം 57(10) പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.
6. കെ.പി.ബി.ആർ 2011, ചട്ടം 61(10) പ്രകാരം Petroleum Rules, 1976 ന് അനുസൃതമായിരിക്കണം നിർമ്മാണം.
7. നിർമ്മാണം കെ.പി.ബി.ആർ -2011 നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
8. നിർദ്ദിഷ്ട നിർമ്മാണ സ്ഥലം kerala conservation of wet and paddy land Act 2008 ബാധകമാകുന്ന സ്ഥലമല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
9. കെ.പി.ബി.ആർ 2011 ചട്ടം 61 (17) പ്രകാരം മലിനജലം പുനഃചക്രമണ പുനരുപയോഗ സംവിധാനം ഉൾപ്പെടുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : **167/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ പി. ആർ**
ടൗൺ പ്ലാനർ

**സെക്രട്ടറി,**

ഏറത്ത് ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. അനിൽമോൻ.കെ.മാത്യു, കീഴേതിൽ പുത്തൻ വീട്, ചൂരക്കോട്. പി.ഒ, അടൂർ, പത്തനംതിട്ട
2. ടൗൺ പ്ലാനർ, പത്തനംതിട്ട
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം